
# വംശഹത്യയുടെ പരീക്ഷണശാലയിൽ നിന്ന്...



**ഗുജറാത്ത് ഇന്ന് ഇന്ത്യയുടെ കളങ്കമാണ്, ഭീതിയാണ്. പക്ഷെ ഗുജറാത്ത് ഒരു പാഠം കൂടിയല്ലേ? അതറിയണമെങ്കിൽ ഗുജറാത്തിനെ തൊട്ടറിയണം. അവിടെ നടന്നതെന്തെന്നറിയണം. 25 വർഷമായി അഹമ്മദാബാദിൽ 'അനാല' എന്ന പരിസ്ഥിതി ബോധവൽക്കരണ സംഘടനയിലൂടെ ഇടപെട്ടു പ്രവർത്തിക്കുന്ന ചാലക്കുടി സ്വദേശി മധു തന്റെ വിചാരങ്ങൾ 'കേരളീയ'വുമായി പങ്കുവെക്കുന്നു.**

ഏതാനും നാളുകൾക്കു മുമ്പ് ഏഴുവയസ്സുള്ള മകൻ എന്നോടു ചോദിച്ചു "ഞാൻ ആരാണ്? ഹിന്ദുവോ മുസ്ലീമോ?"

എനിക്ക് അതിശയം തോന്നിയില്ല. കാരണം അവന് കൂട്ടുകാർക്കൊപ്പം കളിക്കാൻ ഇന്ന് ഈ അറിവ് അനിവാര്യമാണ്. അവരിപ്പോൾ കള്ളനും പോലീസും കളിക്കാറില്ല. പകരം കളിക്കുന്നത് ഹിന്ദു-മുസ്ലീം കളിയാണ്. ഞാൻ ഹിന്ദു; നീ മുസ്ലീം. പിന്നെ പരസ്പരം ആക്രമിക്കുന്നു!

ഇന്ന് ഓരോ ഗുജറാത്തിയും തിരിച്ചറിയാൻ ശ്രമിക്കുന്നതും ഇതുതന്നെയാണ്. ആ തിരിച്ചറിവിൽ അവർ വിളിച്ചു ചോദിക്കുന്നത് ഇതേ ചോദ്യം തന്നെ.

കലാപം നൽകിയ അറിവ്.

കഴിഞ്ഞ വർഷമുണ്ടായ ഭൂകമ്പത്തിൽനിന്നും ഇപ്പോഴത്തെ ദുരിതത്തെ വ്യത്യസ്തമാക്കുന്നത് ഇത്തരം അറിവുകളാണ്. അന്ന് എല്ലാം നഷ്ടപ്പെട്ട് പകച്ചുപോയെങ്കിലും ഗുജറാത്തിന് ചില പ്രതീക്ഷകളുണ്ടായിരുന്നു. ഒത്തൊരുമയിലൂടെ ഒരു പുനർജന്മം സാധ്യമാണെന്ന പ്രതീക്ഷ. ലോകജനതയാകെ സഹായഹസ്തവുമായി പുണർന്നപ്പോൾ ഗുജറാത്ത് പുത്തനുണർവ്വ് തേടുകയായിരുന്നു. പ്രകൃതിയുടെ തിരിച്ചടികളുടെ ഭീകരത എത്രയെന്ന് എന്നതായിരുന്നു അന്ന് ഗുജറാത്ത് നൽകിയ പാഠം.

ഇന്ന് ഗുജറാത്ത് ഇന്ത്യക്കു നൽകുന്ന പാഠം മറ്റൊന്നാണ്. ഓരോരുത്തരും ഹിന്ദുവോ മുസ്ലീമോ ആണ് എന്ന പാഠം. അവർ ശത്രുക്കളാണെന്ന പാഠം.

അത്ഭുതം തോന്നുന്നു. എങ്ങനെയാണ് ഗുജറാത്തിലെ ഹിന്ദുക്കൾക്ക് ഇതു സാധിച്ചത്? കഴിഞ്ഞ 25വർഷത്തെ സഹവാസംകൊണ്ട് ഞാൻ മനസ്സിലാക്കിയ ഒന്നുണ്ട്. അവരിൽ ബഹുഭൂരിപക്ഷവും ചോര കാണുന്നത് സഹിക്കാനാവാത്തവരാണ്. സമാധാനപ്രിയരാണവർ. സസ്യഭുക്കുകൾ. ആടിനേയും പശുവിനേയും അറക്കുന്നത് അവർക്ക് ചിന്തിക്കാനാവില്ല. പക്ഷേ അവരിപ്പോൾ സഹജീവികളെ കടിച്ചുകീറുകയാണ്. തെരുവിൽ രക്തപ്പുഴ ഒഴുക്കുകയാണ്.

സംശയമില്ല; ഇതിനു പിന്നിൽ മറ്റാരൊക്കെയോ ഉണ്ട്. അവരാണ് എല്ലാത്തിന്റേയും സൂത്രധാരന്മാർ. ഗുജറാത്തി എന്നതിനപ്പുറം ഹിന്ദുവെന്നും മുസൽമാനെന്നും പഠിക്കാൻ ശ്രമിച്ചവർ അവർക്ക് സഹായമായെന്നു മാത്രം.

പക്ഷേ, അവർ പഠിച്ചത്, പഠിപ്പിച്ചത്... അത് ഇന്ന് ഗുജറാത്തിന്റെ പാഠമാകുന്നു.

ഗുജറാത്തിനേറ്റ മുറിവ്- അതെത്ര ഭീകരമെന്ന് പറഞ്ഞറിയിക്കാനാകില്ല. ഗുജറാത്തി എന്ന ബോധമാണ് അവർക്ക് കൈമോശം വന്നിരിക്കുന്നത്. ഒരുതരം സുരക്ഷാഭീതി അവരെ വേട്ടയാടുന്നു. ദുരിതാശ്വാസക്യാമ്പുകളിൽപോലും അത് നിഴലിക്കുന്നു. ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കു പ്രത്യേകം അഭയസ്ഥാനങ്ങളാണ്. അവിടെ ചെല്ലുന്ന ഓരോരുത്തരേയും അവർ സംശയദൃഷ്ടിയോടെയാണ് നോക്കുന്നത്. ക്യാമ്പുകളിൽ സഹായവുമായി ചെല്ലുന്നവർക്ക് ഹിന്ദുവായും മുസ്ലീമായും മാറിമാറി അഭിനയിക്കേണ്ടിവരുന്നു.

ഫോൺകോളുകളെപ്പോലും എല്ലാവരും ഭയപ്പെടുന്നു. എന്റെ മകന്റെ കാണാതായ ഒരു മുസ്ലീം കൂട്ടുകാരനെയും കുടുംബത്തേയും തേടിപ്പിടിക്കാൻ എനിക്ക് ഏറെ പ്രയാസപ്പെടേണ്ടിവന്നു. കണ്ടെത്തിക്കഴിഞ്ഞപ്പോൾ ഞാൻ ശത്രുവല്ല എന്ന ബോധ്യപ്പെടുത്താനും. എവിടെയെങ്കിലും അഭയം തേടിയിട്ടുള്ളവരെ ഫോൺവഴി തിരഞ്ഞുപിടിച്ച് കൊലപ്പെടുത്താനുള്ള ശ്രമം വ്യാപകമായിരുന്നു എന്നതാണ് കാരണം.

ഹിന്ദുവോ മുസ്ലീമോ ആകാതെ ആർക്കും നിലനിൽപ്പില്ല എന്നതാണ് ഗുജറാത്തിലെ അവസ്ഥ. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരു കോ-ഓർഡിനേറ്ററുടെ അനുഭവം അത് സാക്ഷ്യപ്പെടുത്തുന്നു. തന്റെ വീട് കത്തിച്ച അക്രമികളിൽനിന്നും രക്ഷതേടിയ മുസ്ലീമായ അയാൾ ഗർഭിണിയായ ഭാര്യയുമായി ഒടുവിൽ എത്തിയത് മുസ്ലീം കോളനിയിൽ തന്നെയായിരുന്നു. അവിടെവച്ച് പ്രസവത്തെത്തുടർന്ന് അയാളുടെ ഭാര്യ മരണപ്പെടുകയും ചെയ്തു.

ഭവനഗർ, അഹമ്മദാബാദ്, ബറോഡ എന്നിവിടങ്ങളിലാണ് പ്രധാ

(ശേഷം5ാം പേജിൽ)

# വംശഹത്യയുടെ പരീക്ഷണശാലയിൽ നിന്ന്

(ഒന്നാം പേജ് തുടർച്ച)

നമായും കലാപം ഉണ്ടായത്. ഈ കലാപം പെട്ടെന്ന് പൊട്ടിപ്പുറപ്പെട്ടതാണെന്ന് കരുതാനാവില്ല. തൊണ്ണൂറുകളുടെ ആദ്യത്തിൽ തുടങ്ങിയ പരീക്ഷണത്തിന്റെ തുടർച്ചയാണിത്. എന്നാൽ ഇത്തവണത്തേതിന് വ്യത്യസ്തകളേറെയുണ്ടായിരുന്നു.എല്ലാവരും സജ്ജരായിരുന്നു. ഗോധ്ര സംഭവിച്ചില്ലെങ്കിലും ഇതു നടക്കുമായിരുന്നു. ഭരണകൂടത്തിന്റെ പിന്തുണയും അതിന് കൊഴുപ്പുനൽകി.

അപ്പോഴും ഒന്നുണ്ട്. ഹിന്ദുവായാലും ശരി, മുസ്ലീമായാലും ശരി. സാമ്പത്തികനിലയിൽ താഴെത്തട്ടിലുള്ളവരാണ് അനുഭവിക്കേണ്ടിവന്നത്. ആദിവാസികളെ വ്യാപകമായി ഹിന്ദുത്വവൽക്കരിച്ച ഒരു കലാപമായിരുന്നു ഇത്.

രാഷ്ട്രീയമായി പ്രതിപക്ഷമില്ലാത്ത അവസ്ഥയാണ് ഇന്നിവിടെ. എന്തുചെയ്യണമെന്നറിയാത്ത നിലയിലാണ് കോൺഗ്രസ്. അവരിലുമുണ്ടല്ലോ ഹിന്ദുക്കളും മുസ്ലീമുകളും! മധ്യവർത്തികളായി പ്രവർത്തിക്കാൻ ക്രിസ്ത്യൻപള്ളിയും ഏതാനും എൻ.ജി.ഒ കളും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഇന്ത്യൻ സമൂഹത്തിലെ പരീക്ഷണശാലയാണ് ഗുജറാത്ത്. അവിടെനിന്നും നാം ഒരുപാട് തിരിച്ചറിയേണ്ടിയിരിക്കുന്നു. ഭാവിയിൽ വരാനിരിക്കുന്ന എന്തിന്റെയൊക്കെയോ സൂചനകളാണ് അതു നൽകുന്നത്. ഇന്നിവിടെ പരീക്ഷിക്കുന്നത്, പരീക്ഷിച്ച് വിജയിക്കുന്നത് നാളെ മറ്റു പലയിടത്തും ആവർത്തിക്കാനുള്ളതാണ്. കേരളത്തിനുപോലും അത് തടയാനാകില്ല. 'ഇതെല്ലാം ഉത്തരേന്ത്യൻ ഭ്രാന്തുകൾ' എന്ന വിലയിരുത്തൽ ഇനി മതിയാകില്ല. ഒറ്റപ്പെട്ടതെന്നു തോന്നുന്ന ചെറിയ ചെറിയ കാര്യങ്ങൾ പോലും, സംഭവങ്ങൾപോലും സൂചനകളായി പരിഗണിച്ചേ പറ്റൂ. അതിനെതിരായി ജനകീയ കൂട്ടായ്മകൾ ഉണർത്തിയെടുക്കണം. പ്രകൃതി-പരിസര പാഠങ്ങൾ കൂടുതൽ വ്യാപകമാക്കുക എന്നത് ശക്തമായ ഒരു പ്രതിരോധമാർഗ്ഗമായിരിക്കും. പ്രകൃതിയിൽ നിന്നും നമ്മൾ അകന്നാലും നമ്മളിൽ നിന്നും പ്രകൃതിയെ മാറ്റാനാകില്ലല്ലോ.

നാം ഇനി വൈകിച്ചുകൂടാ. തിരിച്ചറിയാൻ, കർമ്മനിരതമാകാൻ; ചുരുങ്ങിയപക്ഷം, അസ്വസ്ഥമാകാനും വേവലാതിപ്പെടാനെങ്കിലും...